CCM(15) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോഓർഡിനേഷൻ സമിതി

## 25.09.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയും ബഹു.നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 04.09.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതിയുടെ നിർവഹണ ചെലവ് താരതമ്യേന കുറവാണെന്ന് കാണപ്പെട്ടു. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം 2013 ആഗസ്റ്റ് അവസാനംവരെ ചെലവ് 10.5% ആണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. ഇതേ കാലയളവിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ 24% ചെലവുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. എല്ലാ മാസവും പഞ്ചായത്ത് ഡയറക്ടർ നടത്തുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അവലോകനയോഗത്തിൽ സംസ്ഥാന ശരാശരിക്കു താഴെ നിൽക്കുന്ന ജില്ലകളുടെ സ്ഥിതി പ്രത്യേകമായി വിലയിരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചു. നിർമ്മാണ പ്രവൃത്തികളുടെയും വാങ്ങലുകളുടെയും ടെണ്ടർ നടപടിക്രമത്തിലെ കാലതാമസം പുരോഗതിയെ ബാധിക്കുന്നുണ്ടെന്ന് വിലയിരുത്തുകയുണ്ടായി. വാർഷിക പദ്ധതി അംഗീകാരത്തിനുശേഷം ഒരു സമ്പൂർണ വർഷം തന്നെ മുന്നിലുണ്ടായിട്ടും നിർമ്മാണ പ്രവൃത്തികൾ വർഷത്തിന്റെ അവസാന പാദത്തിൽ നടപ്പിലാക്കുന്ന പ്രവണത ഇപ്പോഴും തുടരുന്നുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ബഹു.മന്ത്രിയുടെ മേഖലാ തലത്തിലുള്ള പുരോഗതി അവലോകനം ഒക്ടോബർ 28, 29 തീയതികളിൽ നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ അതിനു മുമ്പായി ജില്ലാ കളക്ടർമാർ അതതു ജില്ലകളിലെ പദ്ധതി നിർവഹണ പുരോഗതി അടിയന്തിരമായി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

**2.2** അടുത്ത സാമ്പത്തിക വർഷത്തെ (2014-15) പദ്ധതി രൂപീകരണത്തിനു വേണ്ടിയുള്ള മാർഗരേഖകളുടെ കരട് ഇതിനോടകം വിവിധ തലങ്ങളിൽ ചർച്ച ചെയ്യുകയും അവയെല്ലാം ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ സാമാന്യവൽക്കരിക്കാവുന്നതും (generalise) അവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ ഉപസമിതി സെപ്റ്റംബർ 28ന് 2 മണിക്ക് ചേർന്ന് അന്തിമ കരട് ചർച്ച ചെയ്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കണമെന്ന് യോഗം തീരുമാനിച്ചു. ഒരു തലത്തിൽ പല പ്രാവശ്യം ചർച്ച ചെയ്ത് ക്രോഡീകരിച്ചിട്ടുള്ള കാര്യങ്ങളിൽ വീണ്ടും ഭേദഗതി ആവശ്യപ്പെടുന്ന പ്രവണത ഇത്തവണ നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു. നവംബർ 15നു മുമ്പായി മാർഗരേഖകൾ അന്തിമമാക്കി പ്രസിദ്ധീകരിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 10% തുക വകയിരുത്തുന്നതിന് സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ മന്ത്രിസഭ തീരുമാനിച്ചിരുന്നതാണ്. പല കാരണങ്ങൾകൊണ്ടും നികുതി പിരിവ് കാര്യക്ഷമമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വസ്തു (കെട്ടിട) നികുതിയെ സംബന്ധിച്ചിടത്തോളം അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കാനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളത്. അതിനാൽ അടുത്ത ബജറ്റിന്റെ അനുബന്ധം 4 തയ്യാറാക്കുന്നതിന് മുമ്പായി നികുതി പിരിവും (tax effort) അലോട്ടുമെന്റും തമ്മിൽ ഡീലിങ്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതിനായി തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി മുഖേന കാബിനറ്റ് യോഗത്തിന് കുറിപ്പ് സമർപ്പിക്കേണ്ടതാണ്. ആവശ്യാനുസരണം ഫണ്ടുള്ളതിനാൽ നികുതി പരിവിൽ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നതും ഒരു വസ്തുതയാണ്. എന്നാൽ 150 ഓളം ഗ്രാമപഞ്ചായത്തുകൾ നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നുമുണ്ട്. അതിനാൽ അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനവും പ്രചോദനവും നൽകുന്നതും പരിഗണനാർ ഹമാണ്. നികുതി അടയ്ക്കുന്ന വ്യക്തികൾ അക്കാര്യത്തിൽ ശുഷ്കാന്തി പുലർത്തുന്നതിന് പ്രേരിപ്പിക്കുന്ന തരത്തിൽ പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ കളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**2.4** ദേശീയ ആരോഗ്യ മിഷനിൽ (NRHM, NUHM എന്നിവ) നിന്ന് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ജീവനക്കാരുടെയും അധികമായി ഏർപ്പെടുത്തുന്ന ജിവനക്കാരുടെയും വേതനവും ആവർത്തന ചെലവുകളും മറ്റും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. പല പഞ്ചായത്തുകൾക്കും ഇതിനുള്ള സാമ്പത്തികസ്ഥിതി ഇല്ല എന്നുള്ള പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് അധിക ഭാരം വരുന്ന പദ്ധതികൾ NRHM നിർദ്ദേശിക്കുമ്പോൾ തദ്ദേശഭരണ വകുപ്പുമായി വേണ്ടത്ര ചർച്ച ചെയ്യാതെ പ്രോജക്ടുകൾ തയ്യാറാക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത കൈവരുത്താനായി ബഹു. ഗ്രാമവികസന, പഞ്ചായത്ത്, നഗരകാര്യ വകുപ്പുമന്ത്രിമാരും, ബഹു.ആരോഗ്യ വകുപ്പുമന്ത്രിയും തമ്മിൽ വിശദമായ ചർച്ചയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**2.5** സർവശിക്ഷാ അഭിയാൻ (SSA), രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്നിവയുടെ നിർവഹണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.ഗ്രാമവികസന, പഞ്ചായത്ത്, നഗരകാര്യ വകുപ്പുമന്ത്രിമാരും, ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചു.

**2.6** പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും വെറ്റിംഗ് ഓഫീസർമാർ നിരസിക്കുന്ന പ്രോജക്ടുകളും ജില്ലാതല അപ്പീൽ കമ്മിറ്റികൾ നിരസിക്കുന്ന പ്രോജക്ടുകളുമാണ് പദ്ധതി രൂപീകരണ നടപടികളുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ടത്. പ്രോജക്ട് നിരസിക്കുന്ന ഉദ്യോഗസ്ഥൻമാരും കമ്മിറ്റികളും അതിനുള്ള കൃത്യമായ കാരണം പ്രോജക്ടിൽ നിർദ്ദിഷ്ട സ്ഥാനത്ത് ചുരുക്കത്തിൽ രേഖപ്പെടുത്തേണ്ടതാണ്. മാർഗരേഖയ്ക്ക് വിരുദ്ധം, അപ്രായോഗികം എന്നിങ്ങനെ പൊതുവായ കാരണങ്ങൾ രേഖപ്പെടുത്താൻ പാടുള്ളതല്ല. അപ്പീൽ സമർപ്പിക്കാനുള്ള കാരണം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും വ്യക്തമാക്കേണ്ടതാണ്. സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ സഹായം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നിന്ന് ഉണ്ടാകേണ്ടതാണ്. സംസ്ഥാനതല അപ്പീൽ കമ്മിറ്റിയിൽ യാതൊരു കാരണവശാലും നിയുക്ത ഓഫീസർമാരല്ലാതെ പ്രതിനിധികളെ പങ്കെടുപ്പിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 ബഹു.എം.എൽ.എ.ശ്രീ.കോടിയേരി ബാലകൃഷ്ണന്റെ കത്ത്**

**(ഫയൽ നം. 54404/എഫ്.എം.2/13/തസ്വഭവ)തീയതി 25.09.2013**

തലശ്ശേരി നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന ഗവൺമെന്റ് കോളേജിന്റെ പ്രവർത്തനത്തിന് തലശ്ശേരി നഗരസഭയുടെ തനത്ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ 45877/ഡിബി2/13/തസ്വഭവ)തീയതി.25.09.2013**

2013-14 വാർഷിക പദ്ധതിയുടെ ഭേദഗതി സംബന്ധിച്ച നിർദ്ദേശം പാലിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 51203/ഡി.ബി.2/13/തസ്വഭവ തീയതി. 25.09.2013**

ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ട വിഷയത്തിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുവാദം അവശ്യമില്ല എന്നു നിരീക്ഷിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതുണ്ടെങ്കിൽ അതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4വികസനഫണ്ടിലെ ഷോർട്ട്ഫാൾ സംബന്ധിച്ച്**
**(ഫയൽ നം.33246/എഫ്.എം.1/ 13/തസ്വഭവ തീയതി.25.09.2013**

ഈ വിഷയം സംബന്ധിച്ച് മന്ത്രിസഭാ തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു. (പൊതു വിഷയം 2.3-ലെ തീരുമാനം)

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കൊല്ലം ജില്ലാപഞ്ചായത്ത് (ഫയൽ നം. 53014/ഡി.ബി3/13/തസ്വഭവ) തീയതി.25.09.2013**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് ഭരണ വകുപ്പുതല തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ഫയൽ നം. 52728/ഡി.ബി3/13/തസ്വഭവ)) തീയതി.25.09.2013**

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ ആവശ്യം ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ പ്രശ്നമായതുകൊണ്ട് അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എൻ.ആർ.എച്ച്.എം. സമഗ്ര ആരോഗ്യ പദ്ധതി**
**(ഫയൽ നം. 57586/ഡി.എ2/13/തസ്വഭവ) തീയതി.25.09.2013**

ഈ വിഷയം സംബന്ധിച്ച് ബഹു.ആരോഗ്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത ശേഷം പരിഗണിക്കാമെന്നു തീരുമാനിച്ചു. (പൊതുവിഷയം 2.4-ലെ തീരുമാനം)

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ബഹു. എം.എൽ.എ ശ്രീ. കെ.രാധാകൃഷ്ണന്റെ കത്ത്**

**(ഫയൽ നം. 57189/എഫ്.എം.2/13/തസ്വഭവ) തീയതി.25.09.2013**

ചേലക്കര നിയോജക മണ്ഡലത്തിലെ ഗവ.കോളേജിന് ഭൂമി വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് നിയമസഭാ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, തൃശൂർ ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മലപ്പട്ടം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 56714/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.25.09.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ബഹു. എം.എൽ.എ. ശ്രീ. പുരുഷൻ കടലുണ്ടിയുടെ കത്ത്**

**(ഫയൽ നം. 54599/എഫ്.എം2/13/തസ്വഭവ) തീയതി.25.09.2013**

ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഗവ.കോളേജിന് പ്രാരംഭ ചെലവുകൾക്കായി നിവേദനത്തിൽ ആവശ്യപ്പെടുന്ന വിധത്തിൽ സംഭാവന നൽകുന്നതിന് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പയ്യന്നൂർ നഗരസഭ (ഫയൽ നം. 52656/ഡി.സി.3/13/തസ്വഭവ)**
**തീയതി.25.09.2013**

ഫയൽ വിശദമായ പരിശോധനയ്ക്കുശേഷം അടുത്ത യോഗത്തിൽ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ആലുവ നഗരസഭ (ഫയൽ നം. 41171/ഡി.സി.3/13/തസ്വഭവ) തീയതി.25.09.2013**

ഡി.പി.സി. അംഗീകരിച്ചതിൽ കൂടുതൽ ചെലവു വരുമ്പോൾ മേലിൽ പ്രോജക്ട് ഭേദഗതി ചെയ്ത് അനുവാദം വാങ്ങണമെന്ന നിബന്ധനയോടെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തിരുവനന്തപുരം നഗരസഭ - വൈദ്യുതി വിളക്കുകൾ**

**(ഫയൽ നം. 55958/ഡി.സി.3/13/തസ്വഭവ) തീയതി.25.09.2013**

ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കോട്ടയം  നഗരസഭ – വീടുകളുടെ വിസ്തൃതി കൂടിയത്**

**(ഫയൽ നം. 55416/ഡി.ബി1/13/തസ്വഭവ) തീയതി.25.09.2013**

70 ചതുരശ്ര മീറ്റർ അളവിൽ വീടു പണി നടത്തിപ്പോയ രണ്ടു കേസുകൾ അംഗീകരിക്കണമെന്നയാവശ്യം മേലിൽ ഇത്തരം കേസുകൾ പരിഗണിക്കുന്നതല്ല എന്ന നിബന്ധനയോടെ അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൃത്താല ബ്ലോക്ക് പഞ്ചായത്ത്  (ഫയൽ നം. 56701/ഡി.ഡി.2/13/തസ്വഭവ) തീയതി.25.09.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം  അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 നിലമ്പൂർ  ബ്ലോക്ക് പഞ്ചായത്ത്  (ഫയൽ നം. 48221/ഡി.ഡി.2/13/തസ്വഭവ) തീയതി.25.09.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പദ്ധതി നിർവഹണത്തിലെ നടപടിക്രമങ്ങൾ  (ഫയൽ നം. 53671/ഡി.എ1/13/തസ്വഭവ) തീയതി. 25.09.2013**

നിർമ്മാണ പ്രവൃത്തികൾ ഉള്ള പദ്ധതികളുടെ  നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിക്കേണ്ടതും നിർമ്മാണ പ്രവൃത്തികൾ ഇല്ലാത്ത കുടിവെള്ളം, ശുചിത്വം, ഊർജ്ജം തുടങ്ങിയ മേഖലയിലെ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരായിരിക്കേണ്ടതാണെന്ന് വിശദീകരണം നൽകൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ജൈവ വൈവിധ്യ രജിസ്റ്റർ സംബന്ധിച്ച്  (ഫയൽ നം.13578/ഡി.എ1/13/തസ്വഭവ) തീയതി.25.09.2013**

പ്രോജക്ടിനുള്ള ചെലവ് വർദ്ധിപ്പിക്കാനുള്ള ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു. തയ്യാറാക്കുന്ന രേഖകൾ  ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നത് നന്നായിരിക്കു മെന്നും ഡിജിറ്റലൈസ് ചെയ്താലും ഇല്ലെങ്കിലും  ഈ രേഖകളുടെ പരിരക്ഷ സുപ്രധാനമാണെന്നും, ഇവ ഭാവിയിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തത ഉണ്ടാകണമെന്നും  യോഗം നിരീക്ഷിച്ചു. വിഭവകേന്ദ്രം എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കാമോ എന്നും പരിശോധിക്കേണ്ടതാണ്. കേന്ദ്ര ജൈവ വൈവിദ്ധ്യ ബോർഡിൽ നിന്നും  ലഭ്യമാകുന്ന ധനസഹായത്തെക്കുറിച്ചും ആരായേണ്ടതുണ്ടെന്നും അതിനായി ബഹു. പഞ്ചായത്ത് മന്ത്രിയുടെ സാന്നിദ്ധ്യ ത്തിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്  ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേരണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്  (തീയതി.25.09.2013)**

സഹകരണ ബാങ്ക് അനുവദിച്ച വായ്പ തുകയിൽ ബാക്കി നിൽക്കുന്നത് റിലീസ് ചെയ്യാത്തതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ അന്വേഷിക്കുകയും ആവശ്യമെങ്കിൽ സഹകരണ രജിസ്ട്രാറുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ച്  തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് (തീയതി.25.09.2013)**

ഓഡിറ്റ് ഫീ നൽകിയത് മടക്കി നൽകുന്നതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പിനെ സമീപിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 നാദാപുരം ഗ്രാമപഞ്ചായത്ത് (തീയതി.25.09.2013)**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (തീയതി.25.09.2013)**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (തീയതി.25.09.2013)**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 മൂർക്കനാട് ഗ്രാമപഞ്ചായത്ത് (തീയതി.25.09.2013)**

ഗ്രാമ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 അഗളി ഗ്രാമപഞ്ചായത്ത് (തീയതി.25.09.2013)**

ഗ്രാമ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 അട്ടപ്പാടി – പദ്ധതി നടത്തിപ്പിന് അടിയന്തിര തീരുമാനങ്ങൾ (തീയതി.25.09.2013)**

1. മെക്ര ഇലക്ട്രിക് ഫെൻസിംഗ് അനുവദിക്കുന്നു.
2. അംഗൻവാടി ഭക്ഷണം പാകം ചെയ്യുന്നതിന് തനതു ഫണ്ടിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകാനുള്ള ആവശ്യം അംഗീകരിക്കുന്നു.
3. ഗ്രാമീണ തൊഴിലുറപ്പ് വേതനം നൽകുന്നതു സംബന്ധിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാനതല കൗൺസിലിൽ തീരുമാനിക്കേണ്ടതാണ്.
4. ആവശ്യമായ വാഹന സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്താമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു

5, 6 } ദിവസവേതനത്തിൽ ഓവർസീയർ നിയമനം, എഞ്ചിനീയർമാർക്ക് വാഹനം എന്നിവ സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മേയർ, കൗൺസിലർമാരുടെ റീ ഇംപേഴ്സ്മെന്റ് അനുമതിക്കായി തിരുവനന്തപുരം കോർപ്പറേഷൻ നൽകിയ അപേക്ഷ**

**(ഫയൽ നം.52962/ഇ.എം.2/13/തസ്വഭവ) തീയതി.25.09.2013**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് സംബന്ധിച്ച് പഞ്ചായത്ത്-നഗരകാര്യ ഡയറക്ടർമാരോടും ആരോഗ്യവകുപ്പിനോടും ആലോചിച്ച് സർക്കാർ തലത്തിൽ പൊതുമാർഗരേഖ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 അക്രഡിറ്റഡ് ഏജൻസികൾക്കുള്ള കൺട്ടൺസി ഫീസ് – സ്പഷ്ടീകണം**

**(ഫയൽ നം. 48515/എ.ബി.1/13/തസ്വഭവ ) തീയതി.25.09.2013**

തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 നഗരസഭ വൈസ് ചെയർമാൻമാർക്കും വാഹന സൗകര്യവും ഫോൺ അലവൻസും സംബന്ധിച്ച് (ഫയൽ നം. 58694/ഇ.എം2/13/തസ്വഭവ)**

**തീയതി.25.09.2013**

ഈ വിഷയം സംബന്ധിച്ച് സർക്കാർതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (തീയതി.25.09.2013)**

നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം കാർഷിക മേഖലയിലെ നിർദ്ദിഷ്ട പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 പാലിയേറ്റീവ് പരിചരണം – ഉത്സവബത്ത സംബന്ധിച്ച് (തീയതി.25.09.2013)**

വിഷയം കോഓർഡിനേഷൻ കമ്മിറ്റിയോഗം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 എയർഫോഴ്സ് അസോസിയേഷന്റെ നിവേദനം (തീയതി.25.09.2013)**

വിമുക്തഭടന്മാരുടെ കാര്യത്തിലുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം കൂടി പരിഗണിച്ച് വിഷയം സംബന്ധിച്ച് ഭരണവകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 പരപ്പ ബ്ലോക്ക് പഞ്ചായത്ത് (തീയതി.25.09.2013)**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം തത്വത്തിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 2013 ഒക്ടോബർ 1 ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ ചേരുന്നതാണ്.***

**(യോഗം 9.45 ന് അവസാനിച്ചു)**